LIBRARY ARCHIVES Kerala Legislative Assembly

എത്തിയിരിക്കുകയാണ്. നഴ്സുമാരുടെ സമരം 11 ദിവസം കഴിഞ്ഞിരിക്കുകയാണ്. ഇന്നലെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഉൾപ്പെടെയുള്ളവർ പോയി സന്ദർശിച്ചതാണ്. ഈ സാഹചര്യത്തിൽ ആ നിരാഹാര സമരം നീട്ടിക്കൊണ്ടു പോകുന്നത് നഴ്സുമാരോട് കാണിക്കുന്ന വലിയ അവഗണനയാണ്. ഇക്കാര്യത്തിൽ സർക്കാർ ഇടപെടണം. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ആളുകൾക്ക് ജോലി കൊടുക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചതാണ്. ആ പ്രഖ്യാപനം നടപ്പിൽ വരുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം. മന്ത്രിതലത്തിൽ ചർച്ച നടന്നുവെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് ഒരു തീരുമാനമുണ്ടാക്കി നിരാഹാര സമരം ഒത്തുതീർപ്പാക്കാൻ സർക്കാർ അടിയന്തര ഇടപെടൽ നടത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആരോഗ്യ വകുപ്പിൽ ഡി.എച്ച്.എസ്.-ന്റെ കീഴിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയൊന്നും തന്നെ ഒഴിഞ്ഞുകിടക്കുന്നില്ല. ഒഴിവുകൾ അപ്പോൾ തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നഴ്സ് ഗ്രേഡ്-II റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 12-11-2013-ലാണ്. സാധാരണ നിലയിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി മൂന്ന് വർഷമാണ്. അതുകൊണ്ട് റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരാറായിയെന്ന് പറയുന്നത് ശരിയല്ല. ഇനിയും രണ്ട് വർഷത്തോളം റാങ്ക് ലിസ്റ്റിന് കാലാവധിയുണ്ട്. സെക്രട്ടേറിയറ്റിന് മുന്നിൽ നിരാഹാരസമരം നടത്തുന്ന നഴ്സിംഗ് റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള ഒഴിവിലേക്ക് മേൽപ്പറഞ്ഞ റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തണമെന്നുള്ളതാണ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഹോസ്പിറ്റൽ സ്റ്റാഫിന്മേലുള്ള ഡ്യൂവൽ കൺട്രോൾ സിസ്റ്റം നിർത്തലാക്കിക്കൊണ്ട് 1-6-2007-ൽ ഉത്തരവുണ്ടാവുകയും 11-5-2011-ൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരികയും ചെയ്തതനുസരിച്ച് നിയമനാധികാരവും ഭരണച്ചുമതലയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറിൽ നേരിട്ട് നിക്ഷിപ്തമായി. സ്പെഷ്യൽ റൂൾസ് പ്രകാരം ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ്-I, ഗ്രേഡ്-II തുടങ്ങിയ നഴ്സിംഗ് സ്റ്റാഫിന്റെ നിയമനാധികാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കാണ്. 31-7-2010-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-II നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചിരുന്നു. മേൽപ്പടി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന് കീഴിലുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ്-II നിയമനം സംബന്ധിച്ച

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നിട്ടില്ലായിരുന്നു. പി.എസ്.സി. നോട്ടിഫിക്കേഷൻ വന്ന സമയത്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് എന്നിവയിലെ നിയമനങ്ങൾ നടത്തിയിരുന്നത് ഒന്നിച്ചായിരുന്നതിനാൽ 12-11-2013-ൽ പ്രസിദ്ധീകരിച്ച നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഒഴിവുകൾ നികത്തണമെന്ന ആവശ്യം ഉന്നയിച്ച് സ്റ്റാഫ് നഴ്സ് ഗ്രേഡ്-II റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സർക്കാരിന് നിവേദനം സമർപ്പിച്ചിരുന്നു. 12-11-2013-ൽ പ്രസിദ്ധീകരിച്ച സ്റ്റാഫ് നഴ്സ് ഗ്രേഡ്-II റാങ്ക് ലിസ്റ്റിൽ നിന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ ആരോഗ്യ വകുപ്പിന് നികത്താൻ കഴിയുമോ എന്ന വിഷയത്തിൽ പി.& എ.ആർ. വകുപ്പിന്റെ ഉപദേശം തേടിയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 11-5-2011-ന് സ്പെഷ്യൽ റൂൾസ് വരുന്നതിന് മുമ്പുണ്ടായ ഒഴിവുകൾ പി.എസ്.സി.-യുടെ സമ്മതത്തോടുകൂടി മറ്റ് ലിസ്റ്റിൽ നിന്ന് നികത്തുന്നതിന് തടസ്സമില്ലായെന്ന് പി&എ.ആർ. വകുപ്പ് അഭിപ്രായപ്പെട്ടു. അതനുസരിച്ച് സ്പെഷ്യൽ റൂൾസ് നിലവിൽവന്ന ദിവസം വരെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ടായിരുന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ്-II ഒഴിവുകൾ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്ന് നികത്താമോയെന്ന കാര്യത്തിൽ പി.എസ്.സി.-യിൽ നിന്ന് ഉപദേശം തേടിയിരിക്കുകയാണ്. പി.എസ്.സി.-യിൽനിന്ന് മറുപടി ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിവരം റാങ്ക് ഹോൾഡേഴ്സിന്റെ അസോസിയേഷൻ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ അറിയിച്ചിട്ടുണ്ട്. 2007-ൽ ഡൈവൽ കൺട്രോൾ സിസ്റ്റം നിർത്തുന്നതിന് ഉത്തരവായി എങ്കിലും പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് 2010-ലാണ്. 2011-ലാണ് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നത്. സ്പെഷ്യൽ റൂൾസ് നിലവിൽ വന്നപ്പോൾ ഡി.എം.ഇ.-യിൽ 850-ഓളം ഒഴിവുകളുണ്ട്. അവിടെ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നപ്പോൾ കേരളത്തിലെ മെഡിക്കൽ കോളേജിലേക്കുവേണ്ടി അപേക്ഷ ക്ഷണിക്കുകയും ടെസ്റ്റ് നടത്തുകയും ചെയ്തു. ഷോർട്ട് ലിസ്റ്റും റാങ്ക് ലിസ്റ്റും ഒരാഴ്ചയ്ക്കുള്ളിൽ വരാൻ പോവുകയാണ്. സ്പെഷ്യൽ റൂൾസ് വന്ന സാഹചര്യത്തിൽ ഡി.എം.ഇ.-യുടെ ലിസ്റ്റിൽ നിന്ന് ഈ കുട്ടികളെ നിയമിക്കാൻ നിർവ്വാഹമില്ല. ഈ ഒരു സാഹചര്യത്തിൽ നിയമപരമായി എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിച്ചതിന് ശേഷം മാത്രമേ ചെയ്യാൻ സാധിക്കൂ.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഈ രണ്ട് ഒഴിവുകളും ചേർത്തല്ലേ പി.എസ്.സി. നോട്ടിഫിക്കേഷൻ ഇറക്കിയത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. ശിവകുമാർ: സർ, 2010-ൽ രണ്ടുംകൂടി ഒരുമിച്ചാണ് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, 2007-ൽ ഡ്യൂവൽ സിസ്റ്റം നിർത്തലാക്കുകയും 2010-ൽ ടെസ്റ്റിന് വിളിക്കുകയും 2011-ൽ സ്പെഷ്യൽ റൂൾസ് നിലവിൽ വരികയും 2013-ൽ റിസൾട്ട് വരികയും ചെയ്തു. സ്പെഷ്യൽ റൂൾസ് വരുന്നതിന് മുമ്പുള്ള കാര്യം എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് പി.എസ്.സി.-യോട് ചോദിച്ചിരിക്കുകയാണ്. നിയമപരമായിട്ടല്ലാതെ ഒരു കാര്യവും ചെയ്യാൻ കഴിയുന്ന സാഹചര്യമല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു മാസത്തിന് മുമ്പ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നതാണ്. കുട്ടികൾ സമരം നടത്തുന്ന പശ്ചാത്തലത്തിൽ നമ്മുടെ ഡിപ്പാർട്ടുമെന്റ് മുഴുവൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നതാണ്. ഇന്നലെ വീണ്ടും ഞാൻ റാങ്ക് ഹോൾഡേഴ്സ് പ്രതിനിധികളുമായി സംസാരിച്ചിരുന്നു. എന്റെ കൂടെ ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. അടക്കമുള്ള ആളുകളുണ്ടായിരുന്നു. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിനപ്പുറമേ ഒരു കാര്യവും ചെയ്യാൻ കഴിയുന്ന സാഹചര്യമല്ല. കുട്ടികളെ സഹായിക്കുകയെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. ഈ കുട്ടികളുടെ കഴപ്പം കൊണ്ടല്ല ഇങ്ങനെ സംഭവിച്ചതെന്നുള്ളത് ഗവൺമെന്റിന് അറിയാം. ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളത് നിയമപരമായി ആലോചിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി : സർ, മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ് എങ്കിലും തരണ്ടേ ? 8 ദിവസം കൊണ്ട് ഒരു കുട്ടി അവിടെ നിരാഹാരം കിടക്കുകയാണ്. ആ കുട്ടി അവിടെ കിടന്ന് മരിച്ചുപോയാൽ ആര് ഉത്തരം പറയും?

ശ്രീ. വി. എസ്. ശിവകുമാർ : സർ, ഒരു മാസം മുമ്പാണ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം കൂടിയത്.

(11) തൃപ്രയാർ ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീമതി ഗീതാ ഗോപി : സർ, കേരളത്തിലെ Tourism Pilgrim Package-മായി ബന്ധപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിലെ വളരെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രമാണ് തൃപ്രയാർ ശ്രീരാമ ക്ഷേത്രം. ഈ ക്ഷേത്രത്തിൽ എത്തിച്ചേരുന്ന ഭക്തരുടെ തിരക്ക് ഇപ്പോൾ വളരെയധികം വർദ്ധിച്ചിരിക്കുകയാണ്. കേരള സംസ്ഥാന ടൂറിസം വകുപ്പിൽ നിന്ന് നാല് ക്ഷേത്രങ്ങൾക്കാണ് നാലമ്പല ദർശനവുമായി ബന്ധപ്പെട്ട് ടൂറിസം വികസന ഫണ്ട് ലഭിച്ചിട്ടുള്ളത്. ഈ ശ്രീരാമ ക്ഷേത്രത്തിന്റെ മറ്റ് വികസന താൽപ്പര്യങ്ങൾകൂടി